(ബി)&(സി) ഒൻപതാം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് മൊത്തം 52,000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 16,100 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമായും 7,000 കോടി രൂപ കേന്ദ്രം മുതൽമുടക്കായും 28,900 കോടി രൂപ സ്വകാര്യ മേഖലാ നിക്ഷേപമായും ഉണ്ടാകുന്നതാണ്.

(ഡി) പൊതുമേഖലാ സംരംഭങ്ങളിൽനിന്നുള്ള പ്രവർത്തനമിച്ചം, എൽ.ഐ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ചെറുകിട സമ്പാദ്യത്തിൽനിന്നുള്ള വിഹിതം, പ്രോവിഡന്റ് ഫണ്ട്, മറ്റ് നിക്ഷേപങ്ങൾ, ഡിബഞ്ചറുകളും ബോണ്ടുകളും എന്നിവയിലൂടെയാണ് പ്രധാനമായും ആവശ്യമായ മൂലധനം സ്വരൂപിക്കുന്നത്. ഒൻപതാം പദ്ധതിയുടെ ഇതുവരെയുള്ള കാലയളവിൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന രീതിയിലുള്ള വിഭവ സമാഹരണം നടത്താൻ സാധിച്ചിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

22 (646) ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് ലഭിക്കേണ്ട കേന്ദ്രസഹായം

<u>ശ്രീ. സി.കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഡെവലപ്മെന്റ് കൗൺസിലിനോടോ ഇന്റർ സ്റ്റേറ്റ് കൗൺസിലിനോടോ ആലോചിക്കാതെ ഗാഡ്ഗിൽ ഫോർമുലയിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ നീക്കത്തിനെതിരായി സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഗാഡ്ഗിൽ ഫോർമുലയിൽ മാറ്റം വരുത്താനുള്ള തീരുമാനം കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ സെക്രട്ടറി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് 26.5.99-ൽ അയച്ച ഒരു കത്തിൽ, സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്രസഹായം ഇനിമുതൽ ചില നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും നൽകുന്നതെന്ന് അറിയിച്ചിട്ടുണ്ട്. അതനുസരിച്ച്, 2000 ഏപ്രിൽ മാസത്തോടെ ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതും ഇതിൽ നിന്നും പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി പ്രവർത്തനപുരോഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ധനസഹായം നൽകുന്നതുമാണ്. ഇതിനുവേണ്ടി ഒരു ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതുമാണ്. നാലാം പദ്ധതിക്കാലം മുതൽ തുടർന്നുവരുന്ന രീതിക്കും നാഷണൽ ഡെവലപ്മെന്റ് കൗൺസിലിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾക്കും വിരുദ്ധമായി, 1999 ജൂലൈ മാസം മുതലുള്ള കേന്ദ്രസഹായത്തിന്റെ പ്രതിമാസ ഗഡുക്കൾ നൽകുന്നത് മുൻ മാസത്തെ പദ്ധതിച്ചെലവിൽ കുറവുണ്ടായിരിക്കുക, സാമ്പത്തിക ക്രമക്കേടുകൾ നടക്കുകയും ഈയർമാർക്സ് സ്ക്കീമുകൾക്കുള്ള ചെലവിൽ കുറവുണ്ടായിരിക്കുകയും ചെയ്യുക, കോർസെക്ടറിലെ പദ്ധതിച്ചെലവിൽ

LIBRARY ARCHIVES Kerala Legislative Assembly

കുറവുണ്ടാക്കുക, സംസ്ഥാനങ്ങൾ യഥാസമയം പദ്ധതിരേഖ സമർപ്പിക്കാതിരിക്കുക, ആസൂത്രണ കമ്മീഷന്റെ എല്ലാക്കാലങ്ങളിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ബന്ധപ്പെട്ട ഉപദേഷ്ടാവിന്റെ നിർദ്ദേശമനുസരിച്ചായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഈ രീതി നിലവിലുള്ള 'ബ്ലോക്ക് അസിസ്റ്റൻസ്' സമ്പ്രദായത്തിനു വിരുദ്ധമാണ്.

(ബി) മേൽ സൂചിപ്പിച്ചതുപോലെ കേന്ദ്ര ആസൂത്രണ കമ്മീഷൻ സെക്രട്ടറിയിൽനിന്നുള്ള അറിയിപ്പാണ് ലഭിച്ചിട്ടുള്ളത്.

(സി) പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധന ലഭ്യതയേയും വികസന പ്രക്രിയയേയും പ്രതികൂലമായി ബാധിക്കുന്ന ഈ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്നും നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുമ്പോൾ നാഷണൽ ഡെവലപ്മെന്റ് കൗൺസിലിലും ഇന്റർ സ്റ്റേറ്റ് കൗൺസിലിലും ചർച്ച ചെയ്തുവേണം തീരുമാനമെടുക്കേണ്ടതെന്നും ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇത്തരമൊരു മാറ്റം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ ഉളവാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ പ്രധാനമന്ത്രിയുടേയും രാഷ്ട്രപതിയുടേയും ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്.

23 (647) എണ്ണ പര്യവേഷണം

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ തീരത്ത് വൻതോതിൽ എണ്ണ പര്യവേഷണം നടത്താൻ ഓയിൽ ആന്റ് നാചറൽ ഗ്യാസ് കമ്മീഷന് ഉദ്ദേശമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് എണ്ണ പര്യവേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം-കൊല്ലം തീരപ്രദേശങ്ങളിൽ 6,200 ച:കിലോ മീറ്ററിൽ വൻതോതിൽ എണ്ണ നിക്ഷേപമുള്ളതായി കേന്ദ്ര എണ്ണ പര്യവേഷണ സംഘം കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ എണ്ണ നിക്ഷേപമുള്ള കൂടുതൽ പ്രദേശങ്ങൾ കണ്ടെത്തി എണ്ണ ഖനനം ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിക്കാൻ കേരള സർക്കാർ ശ്രമിക്കുമോ?

<u>ഉത്തരം</u>

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

24 (648) അനെർട്ടിനുവേണ്ടി റഫ്രിജറേറ്റർ വാങ്ങുന്നതിനുള്ള കരാർ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly